# ഭൗതികശാസ്ത്രം

## ദ്രവ്യം

- പിണ്ഡമുള്ളതും സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമുള്ളതുമായ വസ്തു - **ദ്രവ്യം**
- ദ്രവ്യത്തിന്റെ ഏഴ് അവസ്ഥകൾ - **ഖരം, ദ്രാവകം, വാതകം, പ്ലാസ്മ, ബോസ് - ഐൻസ്റ്റീൻ കണ്ടൻസേറ്റ്, ഫെർമിയോണിക് കണ്ടൻസേറ്റ്, ക്വാർക്ക് ഗ്ലുവോൺ പ്ലാസ്മ**
- ദ്രവ്യത്തിന്റെ 5-ാംമത് അവസ്ഥയായ ബോസ് - ഐൻസ്റ്റീൻ കണ്ടൻസേറ്റ് കണ്ടെത്തിയത് - **ഇന്ത്യൻ ശാസ്ത്രജ്ഞനായ സത്യേന്ദ്രനാഥ്ബോസും ആൽബർട്ട് ഐൻസ്റ്റീനും ചേർന്ന്**

**പ്ലാസ്മ**

1. പ്രപഞ്ചത്തിൽ ദ്രവ്യം ഏറ്റവും കൂടുതൽ കാണപ്പെടുന്ന അവസ്ഥ (99%).
2. സൂര്യനിലും മറ്റ് നക്ഷത്രങ്ങളിലും ദ്രവ്യം സ്ഥിതിചെയ്യുന്ന അവസ്ഥ.
3. തൻമാത്രകൾ ഏറ്റവും കൂടുതൽ ക്രമരഹിതമായി കാണുന്ന അവസ്ഥ

**Don't forget**

**ദൈവകണം (God's Particle)**

ദൈവകണം എന്നറിയപ്പെടുന്നത് - **ഹിഗ്സ് ബോസോൺ**

ദൈവകണം എന്ന പദം ആദ്യമായി പ്രയോഗിച്ചത് - **ലിയോൺ ലിഡെർമാൻ**

ബോസോൺ എന്ന പദം ആദ്യമായി പ്രയോഗിച്ചത് - **പോൾ ഡിറാക് (Paul Dirac)**

ദൈവകണത്തിന്റെ കണ്ടെത്തലിലേയ്ക്ക് നയിച്ച പരീക്ഷണത്തിന് ഉപയോഗിക്കുന്ന വലിയ ഉപകരണം - **ലാർജ് ഹാഡ്രോൺ കൊളൈഡർ (LHC)**

LHC നിർമ്മിച്ചത് - **CERN**

ആസ്ഥാനം - **ജനീവ**

Career Focus

**ഏഴ് അടിസ്ഥാന യൂണിറ്റുകൾ**

| **അളവ്** | **യൂണിറ്റ്** |
|---|---|
| നീളം | മീറ്റർ (m) |
| പിണ്ഡം | കിലോഗ്രാം (kg) |
| സമയം | സെക്കന്റ് (s) |
| താപനില | കെൽവിൻ (k) |
| പ്രകാശതീവ്രത | കാൻഡ്ല (cd) |
| പദാർത്ഥത്തിന്റെ അളവ് | മോൾ (mol) |
| വൈദ്യുത പ്രവാഹം | ആമ്പിയർ (Ampere) |

**ചലനം**

ചലനത്തെക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത് - **ഡൈനാമിക്സ്**

ബലം പ്രയോഗിക്കുന്ന ദിശയിലാണ് ചലനം സംഭവിക്കുന്നത്

നിശ്ചലാവസ്ഥയിലുള്ള വസ്തുക്കളെക്കുറിച്ചുള്ള പഠനം - **സ്റ്റാറ്റിക്സ് (Statics)**

പരസ്പര പ്രവർത്തനത്തിലേർപ്പെട്ട പ്രതലങ്ങളുടെ (Interacting surfaces) ആപേക്ഷിക ചലനത്തെക്കുറിച്ചുള്ള പഠനശാഖ - **ട്രൈബോളജി (Tribology)**

ഒരു നിശ്ചിത സമയത്തിൽ ആവർത്തിച്ചുവരുന്ന ചലനം - **ക്രമാവർത്തന ചലനം (Periodic motion)**

ക്രമാവർത്തന ചലനത്തിന് ഉദാഹരണം - **ഭൂമിയുടെ ഭ്രമണം, ക്ലോക്കിന്റെ പെൻഡുലത്തിന്റെ ചലനം**

**ദോലനം (Oscillation)**

ഒരു നിശ്ചിത ബിന്ദുവിനെ ആധാരമാക്കി ഒരു വസ്തുവിന്റെ മുന്നോട്ടും പിന്നോട്ടുമുള്ള ചലനം - **ദോലനം ഉദ: ക്ലോക്കിന്റെ പെൻഡുലത്തിന്റെ ചലനം**

**തരംഗ ചലനം (Wave motion)**

മാധ്യമത്തിന്റെ ഒരു ഭാഗത്തുണ്ടാകുന്ന വിക്ഷോഭം മറ്റു ഭാഗങ്ങളിലേയ്ക്ക് വ്യാപിക്കുന്ന രീതി - തരംഗ ചലനം

**രണ്ട് തരലത്തിലുള്ള തരംഗങ്ങൾ**

1. അനുപ്രസ്ഥ തരംഗം (Transverse wave) ഉദാ: **പ്രകാശം**
2. അനുദൈർഘ്യ തരംഗം (Longitudinal wave) ഉദാ: **ശബ്ദം**

- പെൻഡുലം ക്ലോക്ക് കണ്ടുപിടിച്ചത് - **ക്രിസ്റ്റ്യൻ ഹൈജൻസ്**
- ഒരു ക്ലോക്കിന്റെ പെൻഡുലത്തിന്റെ നീളം ഇരട്ടിയാക്കിയാൽ - ക്ലോക്ക് സ്ലോ ആകും
- നേർരേഖയിലൂടെയുള്ള വസ്തുക്കളുടെ ചലനം - നേർരേഖാചലനം ഉദ: ഞെട്ടറ്റ് വീഴുന്ന മാമ്പഴം
- വസ്തുക്കളുടെ വക്രരേഖയിലൂടെയുള്ള ചലനം - വക്രരേഖാ ചലനം (Curved line) ഉദാ: ദൂരേയ്ക്ക് എറിയുന്ന പന്തിന്റെ പതനം

**ജഡത്വം (Inertia)**

- ജഡത്വ നിയമം ആവിഷ്ക്കരിച്ച ഇറ്റാലിയൻ ശാസ്ത്രജ്ഞൻ - **ഗലീലിയോ**
- ഒരു വസ്തുവിന് സ്വയം അതിന്റെ നിശ്ചലാവസ്ഥയിലോ നേർരേഖാ പാതയിലൂടെയുള്ള സമാന ചലനത്തിലോ തുടരാനുള്ള പ്രവണത - **ജഡത്വം**

**ചലന ജഡത്വം (Inertia of Motion)**

ഉദാ: സ്വിച്ച് ഓഫ് ചെയ്ത ഫാൻ അൽപസമയത്തേക്ക് കറങ്ങുന്നത്, ഓടിക്കൊണ്ടിരിക്കുന്ന ബസ് നിർത്തുമ്പോൾ ആളുകൾ മുന്നോട്ട് ആയുന്നത്.

Career Focus

**നിശ്ചല ജഡത്വം (Inertia of Rest)**

- നിർത്തിയിട്ടിരിക്കുന്ന ബസ് മുമ്പോട്ട് എടുക്കുമ്പോൾ ആളുകൾ പുറകോട്ട് ആയുന്നത്.
- മാസ് കൂടുതലുള്ള വസ്തുക്കൾക്ക് ജഡത്വം - **കൂടുതലാണ്**

**സമയവും ദൂരവും**

ഒരു വസ്തു സഞ്ചരിച്ച പാതയുടെ നീളം - **ദൂരം (Distance)**

യൂണിറ്റ് സമയത്തിൽ ഒരു വസ്തു സഞ്ചരിച്ച ദൂരമാണ് അതിന്റെ വേഗത (Speed)

$$\text{(Speed) വേഗത} = \frac{\text{ദൂരം}}{\text{സമയം}} = \frac{\text{Dis tan ce}}{\text{time}}$$

സഞ്ചരിക്കുന്ന ഒരു വസ്തുവിന്റെ ആദ്യസ്ഥാനവും അന്ത്യസ്ഥാനവും തമ്മിലുള്ള നേർരേഖാ ദൂരം - സ്ഥാനന്തരം (Displacement)

യൂണിറ്റ് സമയത്തിൽ ഒരു വസ്തുവിന്റെ ഒരു പ്രത്യേക ദിശയിൽ ഉണ്ടാകുന്ന സ്ഥാനാന്തരം - പ്രവേഗം (Velocity)

$$\text{പ്രവേഗം} = \frac{\text{സ്ഥാന ാന്തരം}}{\text{സമയം}} = \frac{\text{Distance}}{\text{time}}$$

ചലിക്കുന്ന ഒരു വസ്തുവിനുണ്ടാകുന്ന പ്രവേഗത്തിന്റെ നിരക്ക് - ത്വരണം (Acceleration)

$$\text{ത്വരണം} = \frac{\text{പ്രവേഗമാ റ്റം}}{\text{സമയം}} = \frac{\text{Change in velocity}}{\text{time}}$$

## Important Points

വേഗതയുടെ യൂണിറ്റ് = m/s

പ്രവേഗത്തിന്റെ യൂണിറ്റ് = m/s

ത്വരണത്തിന്റെ യൂണിറ്റ് = $m/s^2$

**പ്രൊജക്ടൈൽ**

- അന്തരീക്ഷത്തിലൂടെ ചരിച്ചു വിക്ഷേപിക്കുന്ന വസ്തുക്കൾ - പ്രൊജക്ടൈലുകൾ. ഉദാ: ജാവ്ലിൻ ത്രോ, ഡിസ്കസ് ത്രോ
- ഒരു പ്രൊജക്ടൈലിന്റെ സഞ്ചാരപാത - **പാരബോള**
- ഒരു പ്രൊജക്ടൈലിന് ഏറ്റവും കൂടിയ റെയ്ഞ്ച് ലഭിക്കുന്ന കോണളവ് - **45 ഡിഗ്രി**

**ചലന സമവാക്യങ്ങൾ**

$V=u+at$

$S=ut+1/2at^2$

$v^2=u^2+2as$

**ഭ്രമണവും പരിക്രമണവും (Rotation & Revolution)**

ഒരു കറങ്ങുന്ന വസ്തുവിന്റെ അക്ഷം ആ വസ്തുവിനുള്ളിൽ തന്നെ വരുന്ന ചലനം - ഭ്രമണം (Rotation)

**ഉദാ**: ഭൂമിയുടെ ഭ്രമണം

ഒരു കറങ്ങുന്ന വസ്തുവിന്റെ അക്ഷം ആ വസ്തുവിനു പുറത്തു വരുന്ന ചലനം - പരിക്രമണം (Revolution)
**ഉദാ:** കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഫാനിന്റെ ചലനം, സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ പരിക്രമണം

ന്യൂക്ലിയസിനെ പ്രദക്ഷിണ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഇലക്ട്രോണിനുള്ള ചലനം - പരിക്രമണ ചലനവും ഭ്രമണചലനവും

Career Focus

| ഗലീലിയോ ഗലീലിയുടെ കണ്ടുപിടിത്തങ്ങൾ |
|---|
| 1593 ൽ ആദ്യത്തെ തെർമോമീറ്റർ (തെർമോസ്കോപ്പ്) |
| അസ്ട്രോണമിക്കൽ ടെലസ്കോപ്പ് |
| ജഡത്വ നിയമങ്ങൾ ആവിഷ്കരിച്ചു |
| വ്യാഴത്തിന്റെ ഉപഗ്രഹങ്ങൾ കണ്ടെത്തി |
| ആദ്യമായി വസ്തുക്കളുടെ നിർബാധ പതനതത്വം അവതരിപ്പിച്ചു |

**അഭികേന്ദ്ര ത്വരണം (Centripetal acceleration)**

വർത്തുള പാതയിൽ സഞ്ചരിക്കുന്ന ഒരു വസ്തു സമവേഗതയിലാണെങ്കിലും അതിന്റെ ദിശ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതിനാൽ വൃത്തകേന്ദ്രത്തിലേയ്ക്ക് അനുഭവപ്പെടുന്ന ത്വരണം

**ആക്കം (Momentum)**

ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തു മറ്റൊരു വസ്തുവിൽ ഏൽപ്പിക്കുന്ന ആഘാതം

ആക്കം = മാസ് x പ്രവേഗം

$P= m \times v$

ആക്കത്തിന്റെ യൂണിറ്റ് - kg m/s

**ചലനനിയമങ്ങൾ (Laws of motion)**

ആവിഷ്കരിച്ചത് - ഐസക് ന്യൂട്ടൺ

**ഒന്നാം ചലനനിയമം**

അസന്തുലിതമായ ഒരു ബാഹ്യബലത്തിനു വിധേയമാകുന്നതുവരെ ഏതൊരു വസ്തുവും അതിന്റെ നിശ്ചലാവസ്ഥയിലോ നേർരേഖയിലൂടെ ഉള്ള സമചലനത്തിലോ തുടരുന്നതാണ്.

**രണ്ടാം ചലനനിയമം**

ഒരു വസ്തുവിനുണ്ടാകുന്ന ആക്ക വ്യത്യാസത്തിന്റെ നിരക്ക് അതിൻമേൽ പ്രയോഗിക്കപ്പെടുന്ന അസന്തുലിത ബാഹ്യബലത്തിന് നേർ അനുപാതത്തിലും ആക്ക വ്യത്യാസം സംഭവിക്കുന്നത് ബലത്തിന്റെ ദിശയിലുമായിരിക്കും.

**മൂന്നാം ചലനനിയമം**

ഏതൊരു പ്രവർത്തനത്തിനും സമവും വിപരീതവുമായ ഒരു പ്രതിപ്രവർത്തനം ഉണ്ടായിരിക്കും.

ജഡത്വത്തിന് കാരണം - **ഒന്നാം ചലനനിയമം**

ബലത്തിന് വ്യക്തമായ നിർവ്വചനം നൽകുന്ന ചലനനിയമം - **ഒന്നാം ചലനനിയമം**

Force=mass x acceleration (F= m x a) എന്ന സൂത്രവാക്യം ലഭിക്കുന്ന ചലനനിയമം - **രണ്ടാം ചലനനിയമം**

റോക്കറ്റുകളുടെ പ്രവർത്തനത്തിനു കാരണമായ ചലനനിയമം - **മൂന്നാം ചലനനിയമം**

## ഊർജ്ജം (Energy)

പ്രവൃത്തി ചെയ്യാനുള്ള കഴിവ് - ഊർജ്ജം

ഊർജ്ജത്തിന്റെ യൂണിറ്റ് - ജൂൾ

ഊർജ്ജത്തിന്റെ മറ്റൊരു യൂണിറ്റാണ് എർഗ്.

1 ജൂൾ $10^7$ എർഗ്

## ഗതികോർജ്ജം (Kinetic energy)

ഒരു വസ്തുവിന് അതിന്റെ ചലനം കൊണ്ട് ലഭ്യമാകുന്ന ഊർജ്ജം - **ഗതികോർജ്ജം**

ഉദാ: പായുന്ന വെടിയുണ്ട, വീഴുന്ന മാങ്ങ, ഒഴുകുന്ന ജലം എന്നിവയ്ക്കുള്ള ഊർജ്ജം - ഗതികോർജ്ജം

ഗതികോർജ്ജം = $1/2mv^2$, m= വസ്തുവിന്റെ പിണ്ഡം, v= പ്രവേഗം

ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുവിന്റെ പ്രവേഗം ഇരട്ടിയായി വർദ്ധിപ്പിച്ചാൽ അതിന്റെ ഗതികോർജ്ജം **നാല് മടങ്ങാകും**.

Career Focus

## സ്ഥിതികോർജ്ജം (Potential energy)

സ്ഥാനം കൊണ്ടോ, സ്ട്രെയിൻ കൊണ്ടോ ഒരു വസ്തുവിന് ലഭ്യമാകുന്ന ഊർജ്ജം.

സ്ഥിതികോർജ്ജം = mgh, m=പിണ്ഡം (mass), g= ത്വരണം (acceleration), h=ഉയരം (height)

ഉദാ: അണകെട്ടിയ വെള്ളത്തിനുള്ള ഊർജ്ജം - സ്ഥിതികോർജ്ജം

## പ്രവൃത്തി (Work)

ബലം പ്രയോഗിക്കപ്പെട്ട വസ്തുവിന് ബലപ്രയോഗം നടന്ന ദിശയിൽ സ്ഥാനാന്തരം ഉണ്ടാകുന്നുവെങ്കിൽ പ്രവൃത്തി ചെയ്തതായി കണക്കാക്കാം.

പ്രവൃത്തി (work) = ബലം x സ്ഥാനാന്തരം

w = f x s, F=force, s=displacement

പ്രവൃത്തിയുടെ യൂണിറ്റ് - **ജൂൾ**

ബലത്തിന്റെ യൂണിറ്റ് - **ന്യൂട്ടൻ**

## ശക്തി (Power)

ഒരു സെക്കന്റിൽ ചെയ്ത പ്രവൃത്തിയുടെ നിരക്ക് - പവർ

പവർ = പ്രവൃത്തി/സമയം

പവറിന്റെ യൂണിറ്റ് - **വാട്ട് (watt)**

പവറിന്റെ മറ്റൊരു യൂണിറ്റാണ് - **കുതിരശക്തി (horse power)**

**1 Hp = 746 w**

**ബലം (Force)**

വസ്തുക്കളിൽ പ്രയോഗിക്കുന്ന തള്ള് (push) അല്ലെങ്കിൽ വലി (pull) - **ബലം**

ബലത്തിന്റെ S I യൂണിറ്റ് - **ന്യൂട്ടൺ**

ബലത്തിന്റെ C G S യൂണിറ്റ് **- ഡൈൻ (Dyne)**

1 ന്യൂട്ടൺ = **$10^5$ ഡൈൻ**

**More Info**

| | | |
|---|---|---|
| 1 ജൂൾ / സെക്കന്റ് | - | 1 വാട്ട് |
| 1 കുതിര ശക്തി | - | 746 വാട്ട് |
| 1 കിലോവാട്ട് | - | 1000 വാട്ട് |
| 1 മെഗാവാട്ട് | - | 1000000 വാട്ട് |

**പ്രകൃതിയിലെ ബലങ്ങൾ**

- പ്രകൃതിയിലെ ഏറ്റവും ശക്തമായ ബലം - **ന്യൂക്ലിയർ ബലം (Nuclear force)**
- പ്രകൃതിയിലെ ഏറ്റവും ദുർബലമായ ബലം - **ഭൂഗുരുത്വാകർഷണ ബലം (Gravitational force)**
- വ്യത്യസ്തയിനം തന്മാത്രകൾ തമ്മിലുള്ള ആകർഷണബലം - **അഡ്ഹീഷൻ (Adhesion)**
- ഒരേയിനം തന്മാത്രകൾ തമ്മിലുള്ള ആകർഷണബലം - **കൊഹീഷൻ (Cohesion)**
- ഒരു ജലത്തുള്ളിയിലെ തന്മാത്രകളെ തമ്മിൽ ചേർത്തു നിർത്തുന്ന ബലം - **കൊഹിഷൻ ബലം**
- ജലത്തുള്ളികളെ ജനൽ ഗ്ലാസ്സിൽ ഒട്ടിച്ചുനിരത്തുന്ന ബലം - **അഡ്ഹിഷൻ ബലം**

Career Focus

**Please Note**

1 ആങ്സ്ട്രം - $10^{-10}$m

1 നാനാമീറ്റർ - $10^{-9}$m

1 ഫെർമി - $10^{-15}$m

1 മൈക്രോൺ - $10^{-6}$m

1 പൈക്കോമീറ്റർ - $10^{-12}$m

**ഗുരുത്വാകർഷണ ബലം (Gravitational force)**

- പിണ്ഡമുള്ള വസ്തുക്കൾ പരസ്പരം ആകർഷിക്കുന്ന പ്രതിഭാസം - **ഗുരുത്വാകർഷണ ബലം**
- ഭൂമി ഒരു വസ്തുവിൻമേൽ പ്രയോഗിക്കുന്ന ബലം - **ഗുരുത്വാകർഷണ ബലം**
- ഒരു വസ്തുവിന്മേൽ ഭൂമി പ്രയോഗിക്കുന്ന ഗുരുത്വാകർഷണ ബലമാണ് - **ആ വസ്തുവിന്റെ ഭാരം**
- ഗുരുത്വാകർഷണ നിയമം ആവിഷ്ക്കരിച്ചത് - **ഐസക് ന്യൂട്ടൺ**
- ഒരു വസ്തുവിന് ഏറ്റവും കൂടുതൽ ഭാരം അനുഭവപ്പെടുന്നത് - **ധ്രുവപ്രദേശങ്ങളിൽ (poles)**
- ഒരു വസ്തുവിന് ഏറ്റവും കുറവ് ഭാരം അനുഭവപ്പെടുന്നത് - **ഭൂമധ്യരേഖ പ്രദേശങ്ങളിൽ**
- ഭൂകേന്ദ്രത്തിൽ (Equator) ഒരു വസ്തുവിന്റെ ഭാരം **- പൂജ്യം**
- ഒരു വസ്തുവിന് ഭൂമിയിലുള്ള ഭാരത്തിന്റെ എത്ര ഭാരം ചന്ദ്രനിൽ അനുഭവപ്പെടും - **1/6**
- ഭാരം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം - **സ്പ്രിംഗ് ത്രാസ്**
- സ്പ്രിംഗ് ബാലൻസിന്റെ പ്രവർത്തന തത്വം - **ഹൂക്ക്സ് നിയമം**

Hook's law ⇒ Stress / Strain = Constant

ഒരു വസ്തുവിന്റെ ഭാരം **W = m x g**, m = പിണ്ഡം, g = ഗുരുത്വാകർഷണ ത്വരണം

gയുടെ മൂല്യം = $9.8 m/s^2$

**ഒരു വസ്തുവിന്റെ ഭാരം (weight) അത് സ്ഥിതിചെയ്യുന്ന ആകാശഗോളത്തിനനുസരിച്ച് മാറുന്നു എന്നാൽ പിണ്ഡം (mass) സ്ഥിരമായിരിക്കും**

### പലായന പ്രവേഗം (Escape velocity)

- ആകാശഗോളത്തിന്റെ ഗുരുത്വാകർഷണത്തിൽ നിന്നും രക്ഷപ്പെടാൻ ഒരു വസ്തുവിനുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ പ്രവേഗം.
- ഭൂമിയിൽ നിന്നുള്ള പലായന പ്രവേഗം = **11.2 കി.മീ /സെക്കന്റ്**
- ചന്ദ്രനിൽ നിന്നുള്ള പലായന പ്രവേഗം = **2.4 കി.മീ/ സെക്കന്റ്**
- സൂര്യനിൽ നിന്നുള്ള പലായന പ്രവേഗം = 618 കി.മീ / സെക്കന്റ്
- ഏറ്റവും കൂടുതൽ പലായന പ്രവേഗമുള്ള ഗ്രഹം - **വ്യാഴം**

**ഐസക് ന്യൂട്ടൺ**

ജനനം - **1642 ഡിസംബർ 25 (ഇംഗ്ലണ്ട്)**

ചലനനിയമങ്ങൾ ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ

മുകളിലേക്ക് എറിയുന്ന കല്ല് താഴോട്ട് വീഴുന്നതിന്റെ കാരണം ഭൂഗുരുത്വാകർഷണമാണെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ

ഗുരുത്വാകർഷണ നിയമത്തിന്റെ ഉപജ്ഞാതാവ്

സൂര്യപ്രകാശത്തിന് ഏഴ്നിറങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ

പ്രകാശത്തിന്റെ കണിക സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്

അന്ത്യവിശ്രമ സ്ഥലം - **വെസ്റ്റ് മിൻസ്റ്റർ ആബേ, ലണ്ടൻ**

മനുഷ്യവംശത്തിലെ ഏറ്റവും ഉത്തമവും അമൂല്യവുമായ രത്നം - **അദ്ദേഹത്തിന്റെ ശവക്കല്ലറയിലെ വാക്കുകളാണിവ**

### നിർബാധ പതനം (Free fall)

- വ്യത്യസ്ത പിണ്ഡമുള്ള രണ്ട് വസ്തുക്കൾ താഴോട്ടു വീഴുന്നത് ഒരേ വേഗതയിലായിരിക്കുമെന്ന് ആദ്യമായി തെളിയിച്ചത് - **ഗലീലിയോ**
- നിർബാധം പതിയ്ക്കുന്ന വസ്തുക്കളുടെ ഭാരം - **പൂജ്യം**

### ഗുരുത്വാകർഷണ നിയമം (Gravitational law)

പ്രപഞ്ചത്തിലുള്ള ഓരോ വസ്തുവും പരസ്പരം മറ്റോരോന്നിനെയും ആകർഷിക്കുന്നു. അപ്പോഴുണ്ടാകുന്ന ആകർഷണ ബലം ആ വസ്തുക്കളുടെ പിണ്ഡങ്ങളുടെ (mass) ഗുണനഫലത്തിന് നേർ അനുപാതത്തിലും അവ തമ്മിലുള്ള അകലത്തിന്റെ വർഗ്ഗത്തിന് (square) വിപരീതാനുപാതത്തിലും ആയിരിക്കും.

$$F \propto \frac{m_1 m_2}{d^2}$$

F = G

- രണ്ടു വസ്തുക്കളിൽ ഒന്നിന്റെ പിണ്ഡം ഇരട്ടിയായാൽ അവ തമ്മിലുള്ള ആകർഷണം ബലത്തിനുവരുന്ന മാറ്റം - **രണ്ട് മടങ്ങാകും**
- രണ്ടു വസ്തുക്കളുടെയും പിണ്ഡം ഇരട്ടിയായാൽ ആകർഷണബലം എങ്ങനെയായിരിക്കും - **നാലു മടങ്ങായി വർദ്ധിക്കും**

**വൈദ്യുതി**

- വൈദ്യുതിയുടെ പിതാവ് - **മൈക്കൽ ഫാരഡെ**
- ഇലക്ട്രിസിറ്റി എന്ന പദം ആദ്യമായി പ്രയോഗിച്ചത് - തോമസ് ബ്രൗൺ
- വൈദ്യുത ചാർജ്ജുള്ള കണങ്ങളുടെ ഒഴുക്ക് - **ധാരാ വൈദ്യുതി (Electric current)**
- ഒരേ ദിശയിൽ പ്രവഹിക്കുന്ന വൈദ്യുതി - **നേർധാരാ വൈദ്യുതി (Direct current)**
- വൈദ്യുതി നന്നായി കടത്തിവിടുന്ന വസ്തുക്കൾ - **ചാലകങ്ങൾ (Conductors)**
- വൈദ്യുതി ഭാഗികമായി കടത്തിവിടുന്ന വസ്തുക്കൾ - **അർധചാലകങ്ങൾ (Semi-conductors)**

  Eg: ജർമ്മേനിയം, സിലിക്കൺ
- വൈദ്യുതി കടത്തിവിടാത്ത വസ്തുക്കൾ - അചാലകങ്ങൾ (Insulators)

  Eg: റബ്ബർ, കടലാസ്, ഉണങ്ങിയ തടി, ഗ്ലാസ്സ്

**Important**

വൈദ്യുതിയുടെ ഏറ്റവും നല്ല ചാലകം - **വെള്ളി**

ലോകത്തിലാദ്യമായി വൈദ്യുത ചാർജ് കണ്ടെത്തിയ വസ്തു - **ആംബർ**

**Please note:**

ഒരു വസ്തുവിന്റെ ഉപരിതലത്തിൽ നിന്നും ഇലക്ട്രോണുകൾ മറ്റൊരു വസ്തുവിലേക്ക് മാറ്റപ്പെടുമ്പോൾ ഇലക്ട്രോൺ നഷ്ടപ്പെട്ട വസ്തുവിന്റെ ചാർജ്ജ് പോസിറ്റീവും ഇലക്ട്രോൺ ലഭിച്ച വസ്തുവിന്റെ ചാർജ് നെഗറ്റീവുമായിരിക്കും.

*ഗ്ലാസ് ദണ്ഡ് സിൽക്കുമായി ഉരസുമ്പോൾ*

ഗ്ലാസ്സിന്റെ ചാർജ് - **പോസിറ്റീവ്**

Ω സിൽക്കിന്റെ ചാർജ് - **നെഗറ്റീവ്**

Career Focus

- ഒരു പദാർത്ഥത്തിൽ കൂടിയുള്ള ഇലക്ട്രോണുകളുടെ പ്രവാഹത്തിനുണ്ടാകുന്ന തടസ്സത്തെ നിയന്ത്രിക്കുന്ന ഘടകം - **പ്രതിരോധം (Resistance)**
- പ്രതിരോധത്തിന്റെ യൂണിറ്റ് - **ഓം ( )**
- താപനില കുറയുന്തോറും വൈദ്യുത പ്രതിരോധം കുറയുന്നു. വൈദ്യുത പ്രതിരോധം കുറയുമ്പോൾ ചാലകത കൂടുന്നു.
- വളരെ താഴ്ന്ന താപനിലയിൽ വൈദ്യുത പ്രതിരോധം പൂർണ്ണമായി ഇല്ലാതായിത്തീരുന്ന അവസ്ഥ - **അതിചാലകത (Super Conductivity)**
- വൈദ്യുതിയുടെ പൊട്ടൻഷ്യൽ വ്യത്യാസത്തെയും വൈദ്യുതിയെയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വൈദ്യുത നിയമം - **ഓം നിയമം (ohm's law)**

  ഓം നിയമപ്രകാരം, $V \propto I$

  V=I R R - Resistance, V - Voltage I - Current
- നേരിയ വൈദ്യുതി പ്രവാഹത്തിന്റെ സാന്നിധ്യവും ദിശയും അറിയാൻ ഉപയോഗിക്കുന്ന ഉപകരണം - **ഗാൽവനോമീറ്റർ**
- ഇലക്ട്രിക് ഓസിലേഷൻ കണ്ടുപിടിച്ചത് - **ഹെൻറിച്ച് ഹെട്സ്**
- വൈദ്യുത കാന്തികതരംഗ സിദ്ധാന്തം (Electro mangetic wave theorem) ആവിഷ്കരിച്ചത് - **ജയിംസ് ക്ലാർക്ക് മാക്സ്വെൽ**

| |
|---|
| **ഇൻഡക്ഷൻ കോയിൽ** |
| **ഡൈനാമോ (ജനറേറ്റർ)** |
| **ട്രാൻസ്ഫോർമർ** |
| **മൈക്രോഫോൺ** |

## വൈദ്യുത വിശ്ലേഷണം (Electrolysis)

- ഒരു ഇലക്ട്രോ ലൈറ്റിലൂടെ വൈദ്യുതി കടത്തി വിടുമ്പോൾ അയോണുകൾ വേർതിരിയുന്ന പ്രതിഭാസം
- വൈദ്യുത വിശ്ലേഷണതത്വം (Electrolysis) ആവിഷ്ക്കരിച്ചത് - **മൈക്കൽ ഫാരഡെ**
- വൈദ്യുത വിശ്ലേഷണത്തിന് ഉപയോഗിക്കുന്ന ലോഹങ്ങൾ - **കോപ്പർ, നിക്കൽ, സിങ്ക്**
- വൈദ്യുതിയെ കടത്തി വിടുന്നതും എന്നാൽ വൈദ്യുത വിശ്ലേഷണത്തിനു വിധേയമാകാത്തതുമായ പദാർത്ഥം - **മെർക്കുറി**
- വൈദ്യുത കാന്തികത്വം (Electromagnetism) കണ്ടുപിടിച്ചത് - **ഹാൻസ് ക്രിസ്റ്റ്യൻ ഈഴ്സ്റ്റഡ്**
- വൈദ്യുതി കടത്തിവിട്ട് ഒരു ലോഹത്തിന്റെ മേൽ മറ്റൊരു ലോഹം പൂശുന്ന പ്രക്രിയ - **വൈദ്യുത ലേപനം (Electro Plating)**
- ഇരുമ്പിൽ സിങ്ക് പൂശുന്ന പ്രക്രിയ - **ഗാൽവനൈസേഷൻ**

| വൈദ്യുതിയുമായി ബന്ധപ്പെട്ട യൂണിറ്റുകൾ | | |
|---|---|---|
| 1. വൈദ്യുത ചാർജ് | - | കൂളോം (Coulomb) |
| 2. വൈദ്യുത പ്രവാഹം | - | ആമ്പിയർ (Ampere) |
| 3. വൈദ്യുത ചാലകബലം | - | വോൾട്ട് (Volt) |
| 4. പൊട്ടൻഷ്യൽ വ്യത്യാസം | - | വോൾട്ട് (Volt) |
| 5. വൈദ്യുത പവർ | - | വാട്ട് (Watt) |
| 6. വൈദ്യുത ഊർജ്ജം | - | ജൂൾ (Joule) |
| 7. വൈദ്യുത പ്രതിരോധം | - | ഓം (ohm) |
| 8. വ്യാവസായിക യൂണിറ്റ് | - | കിലോവാട്ട് ഔവർ (kwh) |

Career Focus

### ഊർജ്ജമാറ്റം

1. ഡൈനാമോ - യാന്ത്രികോർജ്ജം (Mechanical energy) വൈദ്യുതോർജ്ജമായി (Electrical energy) മാറുന്നു
2. ഇലക്ട്രിക് മോട്ടോർ - വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു
3. ഇലക്ട്രിക് ഫാൻ - വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമായി മാറുന്നു
4. സോളാർ സെൽ - സൗരോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു
5. ഇലക്ട്രിക് ഓവൻ - വൈദ്യുതോർജ്ജം താപോർജ്ജമായി മാറുന്നു
6. ഇലക്ട്രിക് ബെൽ - വൈദ്യുതോർജ്ജം ശബ്ദോർജ്ജമായി മാറുന്നു
7. ഇലക്ട്രിക് ബൾബ് - വൈദ്യുതോർജ്ജം പ്രകാശോർജ്ജവും താപോർജ്ജവുമായി (Heat energy) മാറുന്നു
8. ഗ്യാസ് സ്റ്റൗ - രാസോർജ്ജത്തെ താപോർജ്ജവും പ്രകാശോർജ്ജവുമാക്കി മാറ്റുന്നു
9. ബാറ്ററി - രാസോർജ്ജം (Chemical energy) വൈദ്യുതോർജ്ജമാക്കി മാറ്റുന്നു
10. മൈക്രോഫോൺ - ശബ്ദോർജ്ജത്തെ വൈദ്യുതോർജ്ജമായി മാറ്റുന്നു
11. ഹെയർ ഡ്രൈ - വൈദ്യുതോർജ്ജത്തെ ശബ്ദോർജ്ജവും താപോർജ്ജവും ഗതികോർജ്ജവുമാക്കി (Kinetic energy) മാറ്റുന്നു
12. ടെലിവിഷൻ - വൈദ്യുതോർജ്ജത്തെ ശബ്ദോർജ്ജവും പ്രകാശോർജ്ജവും താപോർജ്ജവുമാക്കി മാറ്റുന്നു
13. മെഴുകുതിരി കത്തുമ്പോൾ - രാസോർജ്ജം പ്രകാശോർജ്ജവും താപോർജ്ജവുമായി മാറുന്നു

**സെൽ**

- വൈദ്യുത രാസസെൽ (Electrical Chemical Cell) നിർമ്മിച്ചത് - **അലക്സാൻഡ്രോ വോൾട്ടാ**
- രാസോർജ്ജത്തെ വൈദ്യുതോർജ്ജമാക്കി മാറ്റുന്ന ഉപകരണം - **ഗാൽവനിക് സെൽ (Voltaic cell)**
- വൈദ്യുതോർജ്ജം രാസോർജ്ജമാക്കി മാറ്റുന്ന ഉപകരണം - **ഇലക്ട്രോളിറ്റിക് സെൽ**
- വാഹനങ്ങൾ, ഇൻവെർട്ടർ, യു.പി.എസ് എന്നിവയിൽ ഉപയോഗിക്കുന്ന സെൽ - **ലെഡ് സ്റ്റോറേജ് സെൽ (Rechargeable cell)**
- ക്വാർട്ട്സ് വാച്ച്, ടോയ്സ്, കാൽക്കുലേറ്റർ, ടെലിവിഷൻ, റിമോട്ട്, ക്യാമറ എന്നിവയിൽ ഉപയോഗിക്കുന്ന സെൽ - **മെർക്കുറി സെൽ** (1.35V)

**Repeated Question**

ഡ്രൈ സെല്ലിന്റെ വോൾട്ടേജ് - **1.5 Volt**

വോൾട്ടായിക് സെല്ലിന്റെ വോൾട്ടേജ് - **1 Volt**

ഡ്രൈ സെല്ലിന്റെ നെഗറ്റീവ് ഇലക്ട്രോഡ് - **കാഥോഡ് (ഉദ: സിങ്ക്)**

ഡ്രൈ സെല്ലിന്റെ പോസിറ്റീവ് ഇലക്ട്രോഡ് - **ആനോഡ് (ഉദ: കാർബൺ)**

ഇലക്ട്രിക് ബാറ്ററി കണ്ടുപിടിച്ചത് - **അലക്സാൺട്രോ വോൾട്ടാ**

- മിന്നൽ എന്ന പ്രതിഭാസം വൈദ്യുതിയുടെ പ്രവാഹമാണ് എന്ന് ആദ്യമായി കണ്ടെത്തിയത് - ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
- മിന്നൽ രക്ഷാകവചം കണ്ടുപിടിച്ചത് - ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

**ബൾബ്**

- കണ്ടുപിടിച്ചത് - **തോമസ് ആൽവാ എഡിസൺ**
- ആയുസ്സ് - **1000 മണിക്കൂർ**
- മറ്റൊരു പേര് - **ഇൻകാന്റസന്റ് ലാമ്പ് (ഫിലമെന്റ് ലാമ്പ്)**
- നിറയ്ക്കുന്ന വാതകം - **ആർഗൺ**
- ഫിലമെന്റായി ഉപയോഗിക്കുന്ന ലോഹം - **ടങ്സ്റ്റൺ**

Career Focus

| നിറയ്ക്കുന്ന വാതകം | ബൾബിന്റെ നിറം |
|---|---|
| മെർക്കുറി | വെള്ള |
| ക്ലോറിൻ | പച്ച |
| നൈട്രജൻ | ചുവപ്പ് |
| നിയോൺ | ഓറഞ്ച് |
| സോഡിയം | മഞ്ഞ |
| ഹൈഡ്രജൻ | നീല |

- വൈദ്യുത പ്രവാഹ തീവ്രത അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം - **അമ്മീറ്റർ**
- വൈദ്യുതിയുടെ പൊട്ടാൻഷ്യൽ വ്യത്യാസം അളക്കാനുപയോഗിക്കുന്ന ഉപകരണം - **വോൾട്ട് മീറ്റർ**
- സർക്യൂട്ടിലെ റസിസ്റ്റൻസ് വ്യത്യാസപ്പെടുത്തി വൈദ്യുത പ്രവാഹ തീവ്രത നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന ഉപകരണം - **റിയോസ്റ്റാറ്റ്**
- വോൾട്ടേജ് ഉയർത്താനോ താഴ്ത്താനോ ഉപയോഗിക്കുന്ന ഉപകരണമാണ് - **ട്രാൻസ്ഫോമർ**

**മെൻലോ പാർക്കിലെ മാന്ത്രികൻ**

- തോമസ് ആൽവ എഡിസൺ അറിയപ്പെടുന്നത് - **മെൻലോ പാർക്കിലെ മാന്ത്രികൻ**
- ജനിച്ചത് - **അമേരിക്കയിലെ മിലാനിൽ**
- 'പ്രതിഭാവിലാസം ജന്മസിദ്ധമല്ല, രണ്ട് ശതമാനം പ്രചോദനവും ബാക്കി കഠിനാദ്ധ്വാനവും' എന്നീ വാക്കുകൾ - **എഡിസന്റേത്**
- ഏറ്റവും കൂടുതൽ കണ്ടുപിടിത്തങ്ങൾ നടത്തിയ വ്യക്തി - **എഡിസൺ**
- ഏറ്റവും കൂടുതൽ പേറ്റന്റുകൾ നേടിയ വ്യക്തി - **എഡിസൺ**

| *ഏറ്റവും പ്രധാന കണ്ടുപിടിത്തങ്ങൾ* |
|---|
| ബൾബ് (1879) |
| ഗ്രാമഫോൺ |
| സ്വനഗ്രാഹിയന്ത്രം |
| ചലിക്കുന്ന സിനിമ |

- ഇന്ത്യയിൽ വിതരണത്തിന് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ആവൃത്തി - **50 ഹെർട്സ്**
- ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ അളവ് - **230 വോൾട്ട്**
- ഒരു ടോർച്ച് സെല്ലിന്റെ വോൾട്ട് - **1.5 V**
- ഫ്യൂസ് വയർ നിർമ്മിക്കാനുപയോഗിക്കുന്ന ലോഹങ്ങൾ - **ടിന്നും ലെഡും**
- ഹീറ്റിങ് കോയിൽ നിർമ്മിച്ചിരിക്കുന്നത് - **നിക്രോം**
- ഡ്രൈസെല്ലിലുപയോഗിക്കുന്ന ഇലക്ട്രോലൈറ്റ് - **അമോണിയം ക്ലോറൈഡ്**

**പ്രകാശം**

- പ്രകാശത്തെക്കുറിച്ചുള്ള പഠനം - **ഒപ്ടിക്സ്**
- പ്രകാശത്തിന് സഞ്ചരിക്കാൻ **മാധ്യമം ആവശ്യമില്ല**
- പ്രകാശത്തിന് ഏറ്റവും കൂടുതൽ വേഗത - ശൂന്യതയിൽ
- പ്രകാശത്തിന് ഏറ്റവും കുറഞ്ഞവേഗത അനുഭവപ്പെടുന്നത് - വജ്രത്തിൽ
- പ്രകാശസാന്ദ്രത ഏറ്റവും കൂടുതലുള്ള പദാർത്ഥം - വജ്രം
- പ്രകാശസാന്ദ്രത ഏറ്റവും കുറഞ്ഞ മാധ്യമം - ശൂന്യത
- പ്രകാശത്തിന്റെ വേഗത - **$3 \times 10^8$ മീറ്റർ/സെക്കന്റ്** (മൂന്ന് ലക്ഷം കി.മീ)
- സൂര്യപ്രകാശം ഭൂമിയിൽ എത്താനെടുക്കുന്ന സമയം - **8 മിനിട്ട് 20 സെക്കന്റ് (500 sec)**
- ചന്ദ്രനിൽനിന്നുള്ള പ്രകാശം ഭൂമിയിൽ എത്താൻ വേണ്ട സമയം - **1.3 സെക്കന്റ്**
- പ്രകാശത്തിന്റെ അടിസ്ഥാന കണമായ ക്വാണ്ടം അറിയപ്പെടുന്നത് - **ഫോട്ടോൺ**
- സൂര്യനും ഗ്രഹങ്ങളും തമ്മിലുള്ള അകലം അളക്കാനുപയോഗിക്കുന്ന യൂണിറ്റ് - **അസ്ട്രോണമിക്കൽ യൂണിറ്റ് (1 AU)= 15 കോടി കി. മീ)**
- ഗ്യാലക്സികൾ തമ്മിലുള്ള ദൂരം അളക്കാനുപയോഗിക്കുന്ന യൂണിറ്റ് - **പാർസെക് (parsec)**
- നക്ഷത്രങ്ങളിലേയ്ക്കുള്ള ദൂരം അളക്കാനുപയോഗിക്കുന്ന യൂണിറ്റ് - **പ്രകാശവർഷം (Light year)**

### Don't forget

പ്രകാശത്തിന്റെ തരംഗദൈർഘ്യത്തിന്റെ യൂണിറ്റ് - **ആങ്സ്ട്രോം**

പ്രകാശതീവ്രത (Luminous Intensity) യുടെ യൂണിറ്റ് - **കാൻഡല**

ദൃശ്യപ്രകാശത്തിന്റെ തരംഗദൈർഘ്യം - **400-700 നാനോ മീറ്റർ**

Career Focus

തരംഗദൈർഘ്യം കുറഞ്ഞ വികിരണങ്ങളെ ആഗിരണം ചെയ്ത് തരംഗദൈർഘ്യം കൂടിയ ദൃശ്യപ്രകാശം ഉത്സർജ്ജിക്കുന്ന സ്വഭാവമുള്ള വസ്തുക്കൾ - **ഫ്ളൂറസെന്റുകൾ**

**Important**

വ്യക്തമായ കാഴ്ചക്കുള്ള ഏറ്റവും കുറഞ്ഞ ദൂരം - 25 സെ.മീ

**വർണ്ണങ്ങൾ**

- ദൃശ്യപ്രകാശത്തിൽ അടങ്ങിയിരിക്കുന്ന ഘടകവർണ്ണങ്ങൾ - **ഏഴ്**
- മറ്റ് വർണ്ണങ്ങൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയാത്തവയാണ് പ്രാഥമിക വർണ്ണങ്ങൾ (Primary Colors)
- പ്രാഥമികവർണ്ണങ്ങൾ - **പച്ച, നീല, ചുവപ്പ്**
- ചിത്രകാരന്റെ പ്രാഥമിക ചായങ്ങൾ - **ചുവപ്പ്, നീല, മഞ്ഞ**
- പ്രാഥമിക വർണ്ണങ്ങളുടെ എണ്ണം മൂന്നാണെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ - **തോമസ് യങ്**
- സൂര്യപ്രകാശത്തിന് ഏഴ് ഘടകവർണ്ണങ്ങളുണ്ടെന്ന് കണ്ടെത്തിയത് - **സർ ഐസക് ന്യൂട്ടൺ**
- പ്രാഥമിക വർണ്ണങ്ങൾ ചേർന്നുണ്ടാകുന്നവയാണ് - **ദ്വിതീയ വർണ്ണങ്ങൾ (Secondary Colors)**
- ഏതെങ്കിലുമൊരു ദ്വിതീയ വർണ്ണത്തോട് ഒരു പ്രാഥമിക വർണ്ണം ചേർത്താൽ ലഭിക്കുന്നത് - **ധവള പ്രകാശം**

  ചുവപ്പ് + പച്ച - മഞ്ഞ

  നീല + ചുവപ്പ് - മജന്ത

  നീല + പച്ച - സിയാൻ

  പച്ച + നീല + ചുവപ്പ് - വെള്ള

## Confusing facts

- അപകടസൂചനയ്ക്കുള്ള സിഗ്നലുകൾ ഉപയോഗിക്കുന്ന നിറം - **ചുവപ്പ്**
- സയന്റിഫിക് ലബോറട്ടറികളിൽ അപകടത്തെ സൂചിപ്പിക്കുന്ന നിറം - **മഞ്ഞ**
- ചുവപ്പ്, പച്ച എന്നീ നിറങ്ങൾ തിരിച്ചറിയുവാൻ കഴിയാത്ത അവസ്ഥ - വർണ്ണാന്ധത (Daltonism)
- പ്രകാശത്തെ കടത്തിവിടുന്ന വസ്തുക്കൾ - സുതാര്യ വസ്തുക്കൾ (Transparent object), ഉദാ: ഗ്ലാസ്
- പ്രകാശത്തെ കടത്തിവിടാത്ത വസ്തുക്കൾ - അതാര്യ വസ്തുക്കൾ (Opaque object), ഉദാ: തടി, കല്ല്
- പച്ച പ്രകാശത്തിൽ മഞ്ഞപ്പൂവിന്റെ നിറം - പച്ച
- ഒരു ചുവന്നപൂവ് നീല പ്രകാശത്തിൽ കാണപ്പെടുന്ന നിറം - കറുപ്പ്
- ചുവന്ന പ്രകാശത്തിൽ പച്ച ഇലയുടെ നിറം - കറുപ്പ്
- ഒരു വസ്തുവിന്റെ ദൃശ്യാനുഭവം കണ്ണിൽ തങ്ങിനിൽക്കുന്ന പ്രതിഭാസം - വീക്ഷണസ്ഥിരത (Persistance of Vision)
- വീക്ഷണസ്ഥിരത കണ്ണിൽ തങ്ങിനിൽക്കുന്ന സമയം - 1/16 സെക്കന്റ്

**ഇൻഫ്രാറെഡ് കിരണങ്ങൾ**

- ഇൻഫ്രാറെഡ് കിരണങ്ങൾ കണ്ടെത്തിയത് - **വില്ല്യം ഹെർഷൽ**
- സൂര്യപ്രകാശത്തിലെ താപകിരണങ്ങൾ എന്നറിയപ്പെടുന്നത് - **ഇൻഫ്രാറെഡ്**
- വിദൂരവസ്തുക്കളുടെ ഫോട്ടോ എടുക്കുന്നതിന് ഉപയോഗിക്കുന്ന പ്രകാശകിരണങ്ങൾ - **ഇൻഫ്രാറെഡ്** (വിസരണം കുറവായതിനാലാണ് ഇൻഫ്രാറെഡ് കിരണങ്ങൾ വിദൂര ഫോട്ടോഗ്രാഫിയിൽ ഉപയോഗിക്കുന്നത്)
- **ടി.വി റിമോട്ടിൽ** ഉപയോഗിക്കുന്ന കിരണം - ഇൻഫ്രാറെഡ്
- രാത്രികാലങ്ങളിൽ സൈനികർ ഉപയോഗിക്കുന്ന കണ്ണാടിയിൽ ഉപയോഗിക്കുന്ന കിരണം - ഇൻഫ്രാറെഡ്

Career Focus

## കുറേ ചോദ്യങ്ങൾ - ഒരൊറ്റ ഉത്തരം

### അൾട്രാവയലറ്റ് കിരണം

- സൂര്യാഘാതം (Sunburn) ഉണ്ടാകുവാൻ കാരണമാകുന്ന കിരണം
- നെയ്യിലെ മായം തിരിച്ചറിയാൻ ഉപയോഗിക്കുന്ന കിരണം
- കള്ളനോട്ട് തിരിച്ചറിയാൻ വേണ്ടി ഉപയോഗിക്കുന്ന കിരണം
- ശസ്ത്രക്രിയ ഉപകരണങ്ങൾ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന കിരണം
- ട്യൂബ് ലൈറ്റിനുള്ളിലെ പ്രകാശകിരണം
- ശരീരത്തിൽ വിറ്റാമിൻ-ഡി ഉല്പാദിപ്പിക്കുന്ന പ്രകാശകിരണം

### പ്രകാശ പ്രതിഭാസങ്ങൾ

**1. അപവർത്തനം (Refraction)**

സാന്ദ്രത വ്യത്യാസമുള്ള രണ്ട് മാധ്യമങ്ങൾക്കിടയിലൂടെ പ്രകാശരശ്മി സഞ്ചരിക്കുമ്പോൾ സഞ്ചാരപാതയ്ക്കുണ്ടാകുന്ന വ്യതിയാനം

---

നക്ഷത്രങ്ങൾ മിന്നിത്തിളങ്ങാൻ കാരണം - **അപവർത്തനം**

ജലത്തിൽ താഴ്ത്തിവച്ചിരിക്കുന്ന ഒരു കമ്പ് വളഞ്ഞതായി തോന്നാൻ കാരണം - **അപവർത്തനം**

മരുഭൂമികളിൽ മരീചിക എന്ന പ്രതിഭാസം ഉണ്ടാകുവാൻ കാരണം - **അപവർത്തനം**

സൂര്യോദയത്തിന് തൊട്ടുമുൻപും, അസ്തമനത്തിനുശേഷവും അൽപസമയം സൂര്യപ്രകാശം കാണാൻ കഴിയുന്നതിന് കാരണം - **അപവർത്തനം**

---

**2. പ്രതിഫലനം (Reflection)**

- മിനുസമുള്ള പ്രതലത്തിൽ തട്ടി പ്രകാശം പ്രതിഫലിക്കുന്ന പ്രതിഭാസം
- ഒരു പ്രതലത്തിൽ പതിക്കുന്ന കിരണം പതനകിരണം (Incident ray) എന്നും പ്രതലത്തിൽ നിന്നും തിരിഞ്ഞു
- വരുന്ന കിരണം പ്രതിപതന കിരണം (Reflected ray) എന്നും അറിയപ്പെടുന്നു
- കണ്ണാടിയിൽ പ്രതിബിംബം രൂപപ്പെടുന്നത് പ്രതിഫലനം സംഭവിച്ച രശ്മികൾ നമ്മുടെ കണ്ണിലെത്തുമ്പോഴാണ്.

Career Focus

**3. ഡിഫ്രാക്ഷൻ (Diffraction)**

സൂക്ഷ്മങ്ങളായ അതാര്യവസ്തുക്കളെ ചുറ്റി പ്രകാശം വളയുകയോ വ്യാപിക്കുകയോ ചെയ്യുന്ന പ്രതിഭാസം - **ഡിഫ്രാക്ഷൻ**

- നിഴലുകളുടെ അരിക് ക്രമരഹിതമായി കാണപ്പെടുന്നതിനു കാരണം - **ഡിഫ്രാക്ഷൻ**
- സൂര്യനുചുറ്റുമുള്ള വലയത്തിന് കാരണം - **ഡിഫ്രാക്ഷൻ**
- സി.ഡി യിൽ കാണുന്ന മഴവിൽ നിറങ്ങൾക്ക് കാരണം - **ഡിഫ്രാക്ഷൻ**

**4. ഇന്റർഫെറൻസ് (Interference)**

- തരംഗങ്ങളുടെ അതിവ്യാപനം മൂലം പ്രകാശത്തിന്റെ തീവ്രതയിലൂടെ ഉണ്ടാകുന്ന വ്യത്യാസം - **ഇന്റർഫെറൻസ്**
- സോപ്പു കുമിളയിലും, വെള്ളത്തിലുള്ള എണ്ണപാളിയിലും കാണുന്ന മനോഹരവർണ്ണങ്ങൾക്ക് കാരണം - **ഇന്റർഫെറൻസ്**

**5. പ്രകീർണ്ണനം (Dispersion)**

- സമന്വിത പ്രകാശം അതിന്റെ ഘടകവർണ്ണങ്ങളായി പിരിയുന്ന പ്രതിഭാസം - **പ്രകീർണ്ണനം**
- മഴവില്ല് ഉണ്ടാകുവാൻ കാരണമാകുന്ന പ്രധാന പ്രതിഭാസം - **പ്രകീർണ്ണനം**
- മഴവില്ല് ഉണ്ടാകുവാൻ കാരണമാകുന്ന മറ്റു പ്രതിഭാസങ്ങൾ - **അപവർത്തനം, പൂർണ്ണാന്തരിക പ്രതിഫലനം**
- മഴവില്ലിൽ ഏറ്റവും മുകളിലായി കാണപ്പെടുന്ന നിറം - **ചുവപ്പ്**

മഴവില്ലിന്റെ ഏറ്റവും താഴെയായി കാണപ്പെടുന്ന നിറം - **വയലറ്റ്**

മഴവില്ലിൽ കാണപ്പെടുന്ന വർണ്ണങ്ങൾ താഴെനിന്നും മുകളിലേക്കുള്ള ക്രമത്തതിൽ - **Violet, Indigo, Blue, Green, Yellow, Orange, Red (VIBGYOR)**

### വിസരണം (Scattering)

- അന്തരീക്ഷ വായുവിലെ പൊടിപടലത്തിൽ പ്രകാശ തട്ടുമ്പോൾ ഉണ്ടാക്കുന്ന ഭാഗികമായ പ്രതിഫലനമാണ് വിസരണം
- ആകാശത്തിന്റെ നീലനിറത്തിന് കാരണം - പ്രകാശത്തിന്റെ വിസരണം
- സമുദ്രത്തിന്റെ നീലനിറത്തിനു കാരണമായ പ്രതിഭാസം - പ്രകാശത്തിന്റെ വിസരണം
- ആകാശത്തിന്റെ നീലനിറത്തിന് വിശദീകരണം നൽകിയത് - ലോർഡ് റെയ്‌ലി
- പക്ഷേ സമുദ്രത്തിന്റെ നീലനിറത്തിനു വിശദീകരണം നൽകിയത് - സി.വി. രാമൻ

### സി.വി രാമൻ

- ജനനം - **1888 (തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ)**
- ആഴക്കടലിന്റെ നീലനിറത്തിന് വിശദീകരണം നൽകിയത് - **സി.വി രാമൻ**
- സമുദ്രത്തിന്റെ നീലനിറത്തിന് സി.വി രാമൻ നൽകിയ വിശദീകരണം അറിയപ്പെടുന്നത് - **രാമൻ പ്രഭാവം (Raman Effect)**
- രാമൻ പ്രഭാവം കണ്ടെത്തിയത് - **1928 ഫെബ്രുവരി 28ന്**
- രാമൻ പ്രഭാവം പ്രകാശത്തിന്റെ വിസരണവുമായി (Scattering of light) ബന്ധപ്പെട്ടിരിക്കുന്നു.
- സി.വി രാമന് ഭൗതികശാസ്ത്രത്തിൽ നോബേൽ സമ്മാനം ലഭിച്ചത് - **1930–ൽ**
- നോബേൽ സമ്മാനം ലഭിച്ചത് - **രാമൻ പ്രഭാവം വിശദീകരിച്ചതിന്**
- ഭൗതികശാസ്ത്രത്തിൽ നോബേൽ ലഭിച്ച ആദ്യ ഏഷ്യക്കാരൻ - **സി.വി. രാമൻ**
- 1954–ൽ രാഷ്ട്രം ഭാരതരത്നം നല്കി ആദരിച്ചു
- 1928–ൽ രാമൻ പ്രഭാവം കണ്ടെത്തിയതിന്റെ സ്മരണാർത്ഥം എല്ലാ വർഷവും ഫെബ്രുവരി 28 ദേശീയ ശാസ്ത്രദിനമായി ആചരിക്കുന്നു

Career Focus

**Confusing facts**

| | | |
|---|---|---|
| ഏറ്റവും കൂടുതൽ വിസരണത്തിന് വിധേയമാകുന്ന നിറം | – | വയലറ്റ് |
| ഏറ്റവും കുറവ് വിസരണത്തിന് വിധേയമാകുന്ന നിറം | – | ചുവപ്പ് |
| ഏറ്റവും കൂടുതൽ തരംഗ ദൈർഘ്യമുള്ള നിറം | – | ചുവപ്പ് |
| ഏറ്റവും കുറവ് തരംഗദൈർഘ്യമുള്ള നിറം | – | വയലറ്റ് |
| ഏറ്റവും കൂടുതൽ താപം ആഗിരണം ചെയ്യുന്ന നിറം | – | കറുപ്പ് |
| ഏറ്റവും കുറച്ച് താപം ആഗിരണം ചെയ്യുന്ന നിറം | – | വെള്ള |
| മഴവില്ലിൽ ചുവപ്പ് കാണുന്ന കോൺ | – | 42.8 ഡിഗ്രി |
| മഴവില്ലിൽ വയലറ്റ് കാണുന്ന കോൺ | – | 40.8 ഡിഗ്രി |

### ഫോട്ടോ ഇലക്ട്രിക് പ്രഭാവം (Photo electric Effect)

- ചില ലോഹങ്ങളുടെ (സോഡിയം, പൊട്ടാസ്യം) ഉപരിതലത്തിൽ പ്രകാശരശ്മികൾ പതിക്കുമ്പോൾ അതിൽനിന്നും ഇലക്ട്രോണുകൾ പുറത്തേക്ക് പോകുന്ന പ്രതിഭാസം.
- സോളാർ സെല്ലുകൾ പ്രവർത്തിക്കുന്നത് എന്തിനെ അടിസ്ഥാനപ്പെടുത്തി? - ഫോട്ടോ ഇലക്ട്രിക് പ്രഭാവം
- ഫോട്ടോ ഇലക്ട്രിക് പ്രഭാവം കണ്ടുപിടിച്ചത് - ഹെൻട്രിച്ച് ഹെർട്സ്

**ആൽബർട്ട് ഐൻസ്റ്റീൻ**

ജനിച്ചത് - ജർമ്മനിയിൽ

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് - ആൽബർട്ട് ഐൻസ്റ്റീൻ

ഊർജ്ജവും ദ്രവ്യവും ഒരേ അസ്ഥിത്വത്തിന്റെ തന്നെ രണ്ട് വ്യത്യസ്ത രൂപങ്ങളാണെന്ന് സമർത്ഥിച്ചു

ദ്രവ്യത്തെയും ഊർജ്ജത്തെയും ബന്ധിപ്പിക്കുന്ന $E = mc^2$ എന്ന സമവാക്യത്തിന്റെ ഉപജ്ഞാതാവ്

ആപേക്ഷികത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് - ആൽബർട്ട് ഐൻസ്റ്റീൻ

ഐൻസ്റ്റീന് ഭൗതിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് - 1921-ൽ **ഫോട്ടോ ഇലക്ട്രിക് പ്രഭാവത്തിന് വ്യക്തമായ വിശദീകരണം** നൽകിയതിന്

ഐൻസ്റ്റീന്റെ ബഹുമാനാർത്ഥം **ആറ്റോമിക് നമ്പർ 99**-ആയ മൂലകത്തിന് **ഐൻസ്റ്റീനീയം** എന്ന് പേരിട്ടു.

6. **പൂർണ്ണാന്തരിക പ്രതിഫലനം (Total internal reflection)**

- ഓപ്റ്റിക്കൽ ഫൈബറുകൾ വഴി അതിവേഗം വിവരവിനിമയത്തിന് സഹായിക്കുന്ന പ്രകാശ പ്രതിഭാസം - **പൂർണ്ണാന്തരിക പ്രതിഫലനം**
- വജ്രത്തിന്റെ തിളക്കത്തിന് കാരണമാകുന്ന പ്രതിഭാസം - **പൂർണ്ണാന്തരിക പ്രതിഫലനം**
- ശരീരത്തിലെ ആന്തരഭാഗങ്ങൾ കാണാനായി വൈദ്യശാസ്ത്രത്തിൽ ഉപയോഗിക്കുന്ന എൻഡോസ്കോപ്പിയിൽ പ്രാവർത്തികമാക്കിയിരിക്കുന്നത് - **പൂർണ്ണാന്തരിക പ്രതിഫലനം**

## Theorms on Light

- പ്രകാശത്തിന്റെ കണികാസിദ്ധാന്തം (Corpuscular Theory) അവതരിപ്പിച്ചത് - ഐസക് ന്യൂട്ടൺ
- പ്രകാശത്തെക്കുറിച്ചുള്ള ക്വാണ്ടം സിദ്ധാന്തം (Quantum Theory) മുന്നോട്ട്വെച്ചത് - മാക്സ് പ്ലാങ്ക്
- പ്രകാശം തരംഗ രൂപത്തിലാണെന്ന് സമർഥിക്കുന്ന തരംഗ സിദ്ധാന്തം (Wave Theory) അവതരിപ്പിച്ചത് - ക്രിസ്ത്യൻ ഹൈഗൻസ്
- പ്രകാശം അനുപ്രസ്ത തരംഗങ്ങളാണെന്ന് പറഞ്ഞത് - അഗസ്റ്റിൻ ഫ്രെണൽ
- പ്രകാശത്തിന്റെ ഫോട്ടോ ഇലക്ട്രിക് പ്രഭാവം (Photo Electric Effect) അവതരിപ്പിച്ചത് - ഹെൻറിച്ച് ഹെട്സ്
- പ്രകാശം വൈദ്യുതകാന്തിക തരംഗങ്ങളാണെന്ന് പ്രതിപാദിക്കുന്ന വൈദ്യുതകാന്തികസിദ്ധാന്തം (Electromagnetic Theory) അവതരിപ്പിച്ചത് - ജയിംസ് മാക്സ്വെൽ

Career Focus

**Confusing facts**

ഫോട്ടോ ഇലക്ട്രിക് പ്രഭാവം കണ്ടുപിടിച്ചത് - ഹെൻട്രിച്ച് ഹെർട്സ്

ഫോട്ടോ ഇലക്ട്രിക് പ്രഭാവം വിശദീകരിച്ചത് - ആൽബർട്ട് ഐൻസ്റ്റീൻ

## ലേസർ (LASER)

- LASER എന്നാൽ - **ലൈറ്റ് ആംപ്ലിഫിക്കേഷൻ ബൈ സ്റ്റിമുലേറ്റഡ് എമിഷൻ ഓഫ് റേഡിയേഷൻ**
- ലേസർ കണ്ടുപിടിച്ചത് - **തിയോഡർ മെയ്മാൻ**
- ലേസർ എന്നതിന് ആ പേര് നൽകിയത് - **ഗോർഡൻ ഗ്ലൗഡ്** (1957)
- കാൻസർ ചികിത്സയിൽ ലേസർ ഉപയോഗിച്ചുവരുന്നു
- ഏറ്റവും കടുപ്പമുള്ള വസ്തുക്കളെ മുറിക്കാൻ കഴിവുള്ള രശ്മി - ലേസർ

## മേസർ (MASER)

- MASER എന്നാൽ - മൈക്രോവേവ് ആംപ്ലിഫിക്കേഷൻ ബൈ സ്റ്റുമിലേറ്റഡ് എമിഷൻ ഓഫ് റേഡിയേഷൻ
- മേസർ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ - **ചാൾസ് എച്ച്. റ്റൗൺസ്**

### റഡാർ (RADAR)

- RADAR എന്നാൽ - റേഡിയോ ഡിറ്റക്ഷൻ ആൻഡ് റെയ്ഞ്ചിങ്
- റഡാറിന്റെ കണ്ടുപിടിത്തത്തിലേക്ക് നയിച്ച പരീക്ഷണങ്ങൾ നടത്തിയത് - ഹെൻറിച്ച് ഹെർട്ട്സ്
- വിമാനങ്ങൾ, ബഹിരാകാശ പേടകങ്ങൾ, കപ്പലുകൾ എന്നിവയുടെ സ്ഥാനനിർണ്ണയത്തിന് റഡാർ പ്രയോജനപ്പെടുത്തുന്നു
- റഡാറിലുപയോഗിക്കുന്ന തരംഗങ്ങൾ - **റേഡിയോ തരംഗങ്ങൾ**

### ലെൻസ്

- ലെൻസിന്റെ പവർ അളക്കാനുപയോഗിക്കുന്ന യൂണിറ്റ് - **ഡയോപ്റ്റർ**

### വിവ്രജന ലെൻസ് (Concave Lens)

- മധ്യഭാഗത്ത് കട്ടികുറഞ്ഞതും വശങ്ങളിലേക്ക് കനംകൂടിയതുമായ ലെൻസ് കോൺകേവ് ലെൻസ്.
- കോൺകേവ് ലെൻസിൽ ഉണ്ടാകുന്ന പ്രതിബിംബം - മിഥ്യയും നിവർന്നതും (Virtual & Erect)
- ഹ്രസ്വദൃഷ്ടി പരിഹരിക്കാൻ ഉപയോഗിക്കുന്ന ലെൻസ് - **വിവ്രജന ലെൻസ്** (Diverging lens - concave lens)
- കോൺകേവ് ലെൻസിന്റെ പവർ - **നെഗറ്റീവ്**

### സംവ്രജനലെൻസ് (Convex lens)

- മധ്യഭാഗം കട്ടികൂടിയതും വശങ്ങൾ ഇടുങ്ങിയതുമായ ലെൻസ്
- വസ്തുക്കളെ വലുതായി കാണാൻ ഉപയോഗിക്കുന്നു
- കോൺവെക്സ് ലെൻസിൽ ഉണ്ടാകുന്ന പ്രതിബിംബം - **യഥാർത്ഥവും തലകീഴായതും (Real & Inverted)**
- ദീർഘദൃഷ്ടി പരിഹരിക്കാനുപയോഗിക്കുന്ന ലെൻസ് - **സംവ്രജനലെൻസ് (Convex lens)**
- കോൺവെക്സ് ലെൻസിന്റെ പവർ - **പോസിറ്റീവ്**
- അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണാൻ കഴിയുമെങ്കിലും അകലെയുള്ള വസ്തുക്കളെ വ്യക്തമായി കാണാൻ കഴിയാത്ത കണ്ണിന്റെ ന്യൂനത - **ഹ്രസ്വദൃഷ്ടി (മയോപ്പീയ - Short sight)**
- ഹ്രസ്വദൃഷ്ടിയിൽ വസ്തുക്കളുടെ പ്രതിബിംബം പതിക്കുന്നത് - **റെറ്റിനയുടെ മുന്നിൽ**
- വിദൂരവസ്തുക്കളെ വ്യക്തമായി കാണാൻ സാധിക്കുകയും എന്നാൽ സമീപ വസ്തുക്കളെ വ്യക്തമായി കാ**ണാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന കണ്ണിന്റെ ന്യൂനത - ദീർഘദൃഷ്ടി (ഹൈപ്പർ മെട്രോപ്പിയ - Long sight)**
- ദീർഘദൃഷ്ടിയിൽ വസ്തുവിന്റെ പ്രതിബിംബം പതിയ്ക്കുന്നത് - **റെറ്റിനയുടെ പിന്നിൽ**
- കോർണിയ വൃത്താകൃതിയല്ലെങ്കിൽ ഉണ്ടാകുന്ന കണ്ണിന്റെ ന്യൂനത - **വിഷമദൃഷ്ടി** (Astigmatism)
- വിഷമദൃഷ്ടി പരിഹരിക്കാൻ ഉപയോഗിക്കുന്ന ലെൻസ് - **സിലിൻഡ്രിക്കൽ ലെൻസ്**
- ഹ്രസ്വദൃഷ്ടിയും ദീർഘദൃഷ്ടിയും ഒരുമിച്ച് പരിഹരിക്കാൻ ഉപയോഗിക്കുന്ന ലെൻസ് - **ബൈഫോക്കൽ ലെൻസ്**
- ബൈഫോക്കൽ ലെൻസ് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ - **ബഞ്ചമിൻ ഫ്രാങ്ക്ളിൻ**

**More Marks**

**മാഗ്നിഫൈയിംഗ് ഗ്ലാസായി** ഉപയോഗിക്കുന്നത് - **കോൺവെക്സ് ലെൻസ്**

**മൈക്രോസ്കോപ്പ്, ടെലസ്കോപ്പ്** എന്നിവയിൽ ഉപയോഗിക്കുന്ന ലെൻസ് - **കോൺവെക്സ് ലെൻസ്**

### ദർപ്പണം (Mirror)

- വാഹനങ്ങളിൽ റിയർവ്യൂ ആയി ഉപയോഗിക്കുന്ന മിറർ - **കോൺവെക്സ് മിറർ**
- ടോർച്ചിലെ റിഫ്ളക്ടർ ആയി ഉപയോഗിക്കുന്ന മിറർ - **കോൺകേവ് ദർപ്പണം**
- കോൺകേവ് മിററിലെ പ്രതിബിംബം - **നിവർന്നതും വലുതായതും**
- ഷേവിങ് മിറർ ആയി ഉപയോഗിക്കുന്നത് - **കോൺകേവ് മിറർ**
- സോളാർ കുക്കറിൽ ഉപയോഗിക്കുന്ന മിറർ - **കോൺകേവ് മിറർ**

Career Focus

## ശബ്ദം

- ശബ്ദത്തെക്കുറിച്ചുള്ള പഠനം - **അക്കോസ്റ്റിക്സ് (Acoustics)**
- ശബ്ദത്തിന് സഞ്ചരിക്കാൻ മാധ്യമം ആവശ്യമാണ്
- ചന്ദ്രനിൽ ശബ്ദം കേൾക്കാത്തതിന് കാരണം - **ചന്ദ്രനിൽ അന്തരീക്ഷ വായുവില്ല**
- ബഹിരാകാശ സഞ്ചാരികൾ പരസ്പരം സംസാരിക്കാൻ റേഡിയോ സംവിധാനം ഉപയോഗിക്കാൻ കാരണം - ശൂന്യതയിൽ ശബ്ദത്തിന് സഞ്ചരിക്കാൻ കഴിയില്ല
- ശബ്ദത്തിന്റെ മൂന്ന് സവിശേഷതകൾ - **ഉച്ചത (Loudness), ഗുണം (Quality), സ്ഥായി (Pitch)**
- ശബ്ദത്തിന്റെ തീവ്രതയുടെ യൂണിറ്റ് - **ഡെസിബൽ (db)**
- പാർപ്പിട മേഖലകളിലെ അനുവദനീയമായ ശബ്ദപരിധി - പകൽ 50 db, രാത്രി 40 db
- ചെവിക്ക് തകരാറുണ്ടാക്കുന്ന ശബ്ദം - **120 db ക്കു മുകളിൽ**
- ഒരു സെക്കന്റിൽ ഉണ്ടാകുന്ന കമ്പനങ്ങളുടെ എണ്ണം - **ആവൃത്തി**
- ശബ്ദത്തിന്റെ ആവൃത്തിയുടെ യൂണിറ്റ് - **ഹെർട്സ്**
- ആവൃത്തി കൂടുമ്പോൾ ശബ്ദത്തിന്റെ **കൂർമത** (Pitch) **കൂടുന്നു**.
- നാം കേൾക്കുന്ന ശബ്ദം ചെവിയിൽ തന്നെ തങ്ങി നിൽക്കുന്ന പ്രതിഭാസം - **ശ്രവണ സ്ഥിരത**
- മനുഷ്യന്റെ ശ്രവണ സ്ഥിരത - **1/10 സെക്കന്റ്**
- ശബ്ദം ഒരു മിനുസമുള്ള പ്രതലത്തിൽ തട്ടി പ്രതിഫലിക്കുന്ന പ്രതിഭാസം - **പ്രതിധ്വനി (Echo)**
- പ്രതിധ്വനി ഉണ്ടാകുവാനാവശ്യമായ ദൂരപരിധി - **17 മീറ്റർ**
- ശബ്ദം വിവിധ വസ്തുക്കളിൽ തട്ടി ആവർത്തിച്ചുണ്ടാകുന്ന പ്രതിഫലനമാണ് - **അനുരണനം (Reverberation)**
- ശബ്ദവേഗത്തിലോ അതിനെക്കാൾ ഉയർന്ന വേഗത്തിലോ സഞ്ചരിക്കുന്ന വസ്തുക്കളിൽ ആഘാതതരംഗം മൂലമുണ്ടാകുന്ന ശക്തിയേറിയ ശബ്ദം - **സോണിക് ബൂം**
- ചാട്ടവാർ വായുവിൽ ചുഴറ്റിയാൽ ഉണ്ടാകുന്ന പൊട്ടൽ ശബ്ദത്തിനു കാരണം - **സോണിക് ബൂം**
- മനുഷ്യന്റെ ശ്രവണപരിധി - **20 ഹെർട്സ് മുതൽ 20,000 ഹെർട്സ് വരെ**
- 20 ഹെർട്സിൽ കുറവുള്ള ശബ്ദ തരംഗം - **ഇൻഫ്രാസോണിക് തരംഗം**
- ഭൂകമ്പം, അഗ്നിപർവ്വത സ്ഫോടനം എന്നിവയുടെ മുന്നോടിയായി ഉണ്ടാകുന്ന ശബ്ദ തരംഗം - **ഇൻഫ്രാസോണിക് തരംഗം**
- ആന, തിമിംഗലം, ജിറാഫ് എന്നിവ പുറപ്പെടുവിക്കുന്ന ശബ്ദതരംഗങ്ങൾ - **ഇൻഫ്രാസോണിക്**
- 20,000 ഹെർട്സിന് മുകളിലുള്ള ശബ്ദ തരംഗം - **അൾട്രാ സോണിക് തരംഗം**
- ആന്തരാവയവയങ്ങളുടെ സ്കാനിംഗിന് ഉപയോഗിക്കുന്നത് - **അൾട്രാ സോണിക് തരംഗങ്ങൾ**
